# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 31 | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## പെട്രോൾ ഡീസൽ വില വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. ടി.വി. ഇബ്രാഹിം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കുതിച്ചുയരുന്ന പെട്രോൾ ഡീസൽ വില മൂലം എല്ലാ മേഖലയിലും വിലക്കയറ്റം ഉണ്ടാകുന്നതിനെത്തുടർന്ന് സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി ഗണ്യമായി വർദ്ധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വില വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിന് വിപണി ഇടപെടലിന് 2015-16-ൽ സപ്ലൈകോ-യ്ക്ക് 99 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2017-18-ൽ 200 കോടി രൂപ സർക്കാർ നൽകി. വിലക്കയറ്റം സംസ്ഥാനത്ത് ക്രമാതീതമായി ഉയരാതെ വിപണി ഇടപെടൽ നടത്തുന്നതിന് ഇത് സഹായകമായിട്ടുണ്ട്. |
| (ബി) | ഓരോ ലിറ്റർ പെട്രോളും ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ വീതമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | 31.05.2018 ലെ കണക്ക പ്രകാരം ഒരു ലിറ്റർ പെട്രോൾ വില്കുമ്പോൾ സംസ്ഥാന സർക്കാരിന് 18.51 രൂപ വില്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വില്പന നികുതി ഇനത്തിലും 19 പൈസ സെസ്സ് ഇനത്തിലും, ഒരു ലിറ്റർ ഡീസൽ വില്കുമ്പോൾ സംസ്ഥാന സർക്കാരിന് 13.90 രൂപ വില്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വില്പന നികുതി ഇനത്തിലും 14 പൈസ സെസ്സ് ഇനത്തിലുമായി ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈയിനത്തിൽ സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണ് എന്ന വിവരം നൽകുമോ; | (സി) | ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ പെട്രോളിൽ നിന്ന് 3226.91 കോടി രൂപയും ഡീസലിൽ നിന്ന് 3823.3 കോടി രൂപയുമാണ് സംസ്ഥാന സർക്കാരിന് വരുമാനമായി ലഭിച്ചത്. |
| (ഡി) | മുൻ സർക്കാർ ചെയ്തതുപോലെ സംസ്ഥാന നികുതി കുറച്ച് സാധാരണക്കാരെ സഹായിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | സാധാരണക്കാരെ സഹായിക്കുന്നതിന് 01.06.2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**